9441
8/6/19

കേരള സർക്കാർ

സംഗ്രഹം

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - തിരുവനന്തപുരം ജില്ല - ചിറയിൻകീഴ് താലൂക്ക്-പ്രസവത്തോടെ അമ്മയും കുഞ്ഞും മരണപ്പെട്ടതിനെ തുടർന്ന് പരേതയുടെ മൂത്തകുട്ടിയായ കുമാരി. സാന്ദ്ര പ്രവീണിനു ധന സഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

റവന്യൂ (ഡിആർഎഫ് -എ) വകുപ്പ്

**സ.ഉ.(സാധാ)നം: 4380/ 2018 /റവ. തിരുവനന്തപുരം, തീയതി, 17.10.2018**

പരാമർശം:-1. കുമാരി. സാന്ദ്ര പ്രവീൺ, 15/ 10/ 2016 -നു സമർപ്പിച്ച അപേക്ഷ

2. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 25/ 07/ 2018-ലെ A. 16E117365/ 18 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം ജില്ലയിലെ ചിറയിൻകീഴ് താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽവച്ച്, പ്രസവത്തെ തുടർന്ന് 23/ 04/ 2012-ന് ശാർക്കര വില്ലേജിൽ, പള്ളുരുത്തി തോപ്പിൽ വീട്ടിൽ ബിന്ദുവും നവജാത ശിശുവും മരണപ്പെട്ടതിനെ തുടർന്ന് പരേതയുടെ മൂത്തമകളായ കുമാരി സാന്ദ്ര പ്രവീണിന്റെ സംരക്ഷണത്തിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായമായി 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ടി തുക സാന്ദ്ര പ്രവീണിന്റെ പേരിൽ ദേശസാൽകൃത ബാങ്കിൽ സ്ഥിര നിക്ഷേപം നടത്തുന്നതിനും പ്രതിമാസ പലിശ കുട്ടിയ്ക്ക് ലഭിക്കത്തക്കവിധത്തിലും, 18 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് കുമാരി.സാന്ദ്ര പ്രവീണിനു തന്നെ സ്ഥിര നിക്ഷേപം പിൻവലിക്കാവുന്ന വിധത്തിൽ വ്യവസ്ഥ ചെയ്യുന്നതിനും തിരുവനന്തപുരം ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി ഉത്തരവാകുന്നു.

ടി 2,00,000/- രൂപ (രണ്ട് ലക്ഷം രൂപ മാത്രം) 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പേരിലുള്ള T.P.80 അക്കൗണ്ടിൽ നിന്നും തിരുവനന്തപുരം ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ ടി തുക അടിയന്തിരമായി നൽകി വിവരം എത്രയും വേഗം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ. ടി.കെ
ജോയിന്റ് സെക്രട്ടറി

ജില്ലാ കളക്ടർ, **തിരുവനന്തപുരം**
ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്,
വിവരപൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Smitha. A.S.
സെക്ഷൻ ഓഫീസർ.